# പതംഗം

## എം ആർ ആർ എം എച്ച് എസ് എസ് ചാവക്കാട്





സാങ്കേതികതയുടെയും ഡിജിറ്റലൈസേഷന്റേയും ഈ നൂറ്റാണ്ടിൽ ഏറ്റവും മികച്ച ഒരവസരമാണ് LITTLE KITES ലൂടെ ഞങ്ങൾക്ക് കൈവന്നിരിക്കുന്നത്... കാലഘട്ടത്തിനു ചേർന്നവണ്ണം അതിജീവനത്തിലൂതകും വിധം അവസരങ്ങൾ സൃഷ്ടിക്കുകയാണ് LITTLE KITES ന്റെ ഒരോ പ്രവർത്തനവും..IT.മേഖലയുടെ സാധ്യതകൾ ഇവിടെ ഞങ്ങൾക്കു മുന്നിൽ അനാവരണം ചെയ്യപ്പെടുകയാണ്.

LITTLE KITES M.R.R.M.H.S.S
നിങ്ങൾക്കു മുന്നിൽ പതംഗമെന്ന എളിയ സംരഭം ഇ-മാഗസിൻ കാഴ്ച്ചവെയ്ക്കുട്ടെ............

# സന്ദേശം



131 വർഷക്കാലമായി ചാവക്കാട് പ്രദേശത്തെ പ്രസിദ്ധിയാർജിച്ച വിദ്യാലയമായി വളരാനും സാധാരണക്കാരുടെ മക്കൾക്ക് ശോഭനമായ ഭാവിയൊരുക്കാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.നൂതന വിദ്യാഭ്യാസ രംഗത്തെ ഹൈടെക് രീതികൾ പ്രയോജനപ്പെടുത്തുന്ന സ്മാർട്ട് ക്ലാസ്റൂമുകൾ ഈ വിദ്യാലയത്തിലും സജ്ജമായിക്കഴിഞ്ഞു. നമ്മുടെ വിദ്യാലയത്തിലെ ലിറ്റൽ കൈറ്സ് വിദ്യാർഥികൾ ഒരുക്കുന്ന പ്രഥമ *e-magazine* ന് എല്ലാവിധ ആശംസകളും നേരുന്നു

മാനേജർ

എം യു ഉണ്ണികൃഷ്ണൻ

# സന്ദേശം



**മാറ്റങ്ങൾ നല്ലനാളേക്കുവേണ്ടി**

ഭൗതികവും വൈജ്ഞാനികവുമായ തലങ്ങളിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനവും മാറ്റത്തിന്റെ പാതയിലാണ് . നമ്മുടെ സ്കൂളും ഈ മാറ്റം ഉൾക്കൊണ്ടുകഴിഞ്ഞു . വിദ്യാലയം ഹൈടെക് ആയി മാറുന്നതിനായി 20 ക്ലാസ് റൂമുകൾ ഒരുങ്ങിക്കഴിഞ്ഞു. പതംഗമെന്ന *e-magazine* തയ്യാറാക്കുന്ന എന്റെ കുട്ടികൾക്ക് എല്ലാവിധ ഭാവുകങ്ങളും ......

ഹെഡ്മിസ്ട്രസ്സ്
കെ എസ് സരിതകുമാരി

# സന്ദേശം



വിജ്ഞാനം ഉണരാനുള്ളതാണ് , ഉണർത്താനുള്ളതും . അറിവാണ് മനുഷ്യനെ സചേതനമാക്കി വഴിനടത്തുന്നത്. *e-magazine* എന്ന പുതിയ പന്ഥാവിലേക്ക കാൽവെയ്ക്കുന്ന നമ്മുടെ കുട്ടികൾക്ക എല്ലാവിധ ആശംസകളും ..................

പി ടി എ പ്രസിഡൻറ്
ആർ വി എം ബഷീർ മൗലവി

# മാഗസിൻ കമ്മിറ്റി

കവർ പേജ് : അക്ഷയ്

അതുൽ കൃഷ്ണ
അഭിനവ്
അഭിരാമി എൻ ഡി
മുഹമ്മദ് ഹാതിം മസ്ഹർ
ക്ലെവിൻ
രാഹുൽ
അഷ്മിന

കൈറ്റ് മിസ്ട്രസ്
ലത കെ
ശ്രീജ പി സി

സീനിയർ അദ്ധ്യാപിക
ഷീബ ടി വി
സന്ധ്യ എം




# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# ഉൾമൊഴി


സ്ക്രൂൾപ്രവർത്തനങ്ങൾ ....................9

അദ്ധ്യാപിക....................11

Biodiversity....................2

ഒരുവട്ടം കൂടി ആ കലാലയ മുറ്റത്ത്....................14

A. P. J. Abdul Kalam Quotes....................15

മഹാഭാരതം....................17

പ്രതിഭകൾ....................18

ശാസ്ത്രശാഖകൾ....................19

പോസ്റ്റർ....................21

അമ്മ....................22

മാതൃഭാഷയിൽ നിന്നകലുന്ന മലയാളികൾ....................24

ശാസ്ത്രശാഖകൾ....................25

എന്റെപ്രളയ കാല സ്മരണങ്ങൾ....................23

Nature ....................28

അറിവിന്റെലോകം....................30

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ....................31

# സ്കൂൾ പ്രവർത്തനങ്ങൾ





















## ഫുട്ബോൾലഹരിയിൽ ........









## ക്രിസ്തുമസ് ആഘോഷം





കവിത

# അദ്ധ്യാപിക



മാധുര്യ മേറുന്ന വിദ്യാലയ
ജീവിതത്തിൽ  മറക്കാനാകാത്ത
മണിരത്നം
തല്ലിയും നുള്ളിയും വേദനിപ്പിച്ചാലും
അമ്മ താൻ വാത്സല്യമായ് പുതച്ചിടും
ഭുവനത്തിൽ തന്നെ ആയിര-
ത്തിലേറെ മക്കളുള്ളൊരമ്മ
തൻ വേദന മറന്ന്
മക്കളെ നന്മയിലേക്ക്
നയിക്കുന്ന ദേവി
അക്ഷര  വെളിച്ചം നമ്മിലേക്കായ്
പകർന്ന ഒരു തേൻ തുള്ളിയായ്
രാവും പകലും തൻ മക്കൾക്കായ്
അറിവെന്ന മഹാ ശക്തി പകർന്ന
നൽകുന്ന ആദി ശക്തിയാണദ്ധ്യാപിക.

നൈഷാന. 8B

**Article**

# Biodiversity

Our Mother Earth is the only one planet where the life is existing .we can see many life species in our Earth . We can classify them into microbes, fungi, plants and animals .Mammals are the another category among animals . We , humans included in the group named pro mates in this category .While we are existing in the biodiversity at the same time we have to be fear about its future .

When the other animals live in accordance with the nature, we modify our life by agriculture ,industries, mining etc .By using our brain we tried to live away from the nature. Firstly we just make silly imbalance to our mother nature. But now we are the terrible strength to destruct the whole world. By this the earth has lost many species, although has recovered with some other species and diversities . But often we are suffering from a great disaster that the distraction and following result of biodiversity.



Where the life can be existed on the surface of the earth the total amount of the species in there is termed the biodiversity. The term Biodiversity first used by W G Rosen, a wild animal scientist in1985 and this has world significance also . The word biodiversity was deemed more effective in terms of communication than biological diversity. The united Nations (UN) celebrate 2010 as the year of biodiversity .At this same situation we have to rethink about the real state and the importance of biodiversity in our present Earth.

.

We are familiar with the fact that from the microbes to man including all other spices are the members of the bio-piramid.



But physically we are in a highest position . But we often try to escape from the fact and also try to destroy ecosystem . But we have to be remind that we are in the lowest position and we have to depend all the other species also .The basic of existence of the living being in our green earth is depend on every silly small species. Biodiversity influence the climate weather of a region or a nation or even our world .That's why itself climate condition of our earth will be obstructed by the land uses ,destruction of plants we hitch adversely affect biodiversity .

We are very familiar that our food webs existence is depend on the influence of the creatures . We can get its example from our surrounding it self . The beauty of our green earth is itself protected by the different kind of living organisms on our earth . We are also know about the different plants and diversities . But the different or the basic the beauty of our earth is the life and its biodiversity one of them is happened in Australia in 1982 -92 . they brought some cats to avoid the destruction caused by rats in 1982 .

Through they reduce the number of rats, the another creatures also reduce the number of rats again so they freely obstruct and destruct the potato farming ; their main food and ended the suicide of many poor people due to the heavy poverty.

ABHINAV C N 9 B

കവിത

## ഒരു വട്ടം കൂടി ആ കലാലയ മുറ്റത്ത്




ഒരുവട്ടം കൂടി പൊട്ടിചിരിച്ച് തമാശകൾ പറയാനും
സ്കൂൾ വരാന്തയിലൂടെ കൈപിടിച്ച് ഓടി നടക്കാനും
അദ്ധ്യാപകരുടെ കോപശകാരങ്ങൾ
ഉള്ളിൽ ചിരിഒളിപ്പിച്ച് കേൾക്കാനും
ഒഴിവു സമയങ്ങളിൽ സൊറപറഞ്ഞിരിക്കാനും
ചങ്ങാതിമാരുടെ ചോറ്റുപാത്രത്തിൽ കൈയിട്ടു വാരാനും
കലോത്സവവേദികളിലെ പാട്ടിൽ ഒരുമിച്ച് ചുവടുവെക്കാനും
രക്തബന്ധങ്ങളേക്കാൾ വലുത്
സുഹൃത്ത്ബന്ധമാണെന്ന് പഠിപ്പിച്ച
ആ കലാലയത്തിൽ നിന്ന് പടിയിറങ്ങുമ്പോൾ
ഒരു വിങ്ങലോടെ ചോദിച്ചോട്ടെ.......

ഒരു വട്ടം കൂടി ഞങ്ങൾ ഒന്നിച്ച് പഠിച്ചോട്ടെ?

നിവേദ്യ 9 A


# A.P.J.Abdul Kalam Quotes



- *Man needs his difficulties because they are necessary to enjoy success.*
- *You have to dream before your dreams can come true.*
- *We should not give up and we should not allow the problem to defeat us.*
- Look at the sky. We are not alone. The whole universe is friendly to us and conspires only to give the best to those who dream and work.
- The bird is powered by its own life and by its motivation
- Let us sacrifice our today so that our children can

have a better tomorrow.

- Science is a beautiful gift to humanity; we should not distort it
- Never stop fighting until you arrive at your destined place
- To succeed in your mission, you must have single-minded devotion to your goal.
- If you want to shine like a sun, first burn like a sun
- Teaching is a very noble profession that shapes the character, caliber, and future of an individual. If the people remember me as a good teacher, that will be the biggest honour for me.
- We should not give up and we should not allow the problem to defeat us.




HATHIM 9 B




വ്യാസ വിരചിതമായ മഹാഭാരതത്തിൽ പതിനെട്ട് എന്ന സംഖ്യക്ക് വളരെ പ്രാധാന്യമുണ്ട്

- പർവ്വങ്ങൾ 18
- ഭഗവത് ഗീതയിൽ 18 അദ്ധ്യായങ്ങൾ
- യുദ്ധം നടന്നത് 18 ദിവസം
- യുദ്ധത്തിൽ അക്ഷൗഹിണി പ്പട 18

അതുൽ കൃഷ്ണ കെ എ

9 B

# പ്രതിഭകൾ

## S S L C 2018 -- 19







## U S S സ്കോളർഷിപ്പ് വിജയികൾ




റവന്യൂ തലം


ഹയർ സെക്കൻഡറി വിഭാഗം
ഉർദു കവിതാരചന–തബ്ഷീർ
അലിബിൻ ബഷീർ ( എം.ആർ.
ആർ.എം. എച്ച്.എസ്. ചാവക്കാട്)



ഒപ്പന സംസ്ഥാനതലം

**A Grade**

# ശാസ്ത്ര ശാഖകൾ

ബോട്ടണി: സസ്യങ്ങളെ പറ്റിയുള്ള പഠനം.

സുവോളജി:ജന്തുക്കളെ പറ്റിയുള്ള പഠനം.

ഇക്കോളജി: ജീവികൾ തമ്മിലും പരിസരവുമായും ഉള്ള ബന്ധത്തെ പറ്റിയുള്ള പഠനങ്ങൾ.

അനാട്ടമി: ജീവികളുടെ ശാരീരിക ഘടനയെ പറ്റിയുള്ള പഠനം.

മെഡിസിൻ: ചികിത്സാശാസ്ത്രം.

ഓറോളജി: പർവ്വതങ്ങളെക്കുറിച്ചുള്ള പഠനം.

മെറ്ററോളജി:മേഘങ്ങളെക്കുറിച്ചുള്ള പഠനം.

ലിംനോളജി: തടാകങ്ങളെക്കുറിച്ചുള്ള പഠനം.

ആസ്ട്രോണമി: ബഹിരാകാശ ശാസ്ത്രം.

ന്യൂറോളജി:നാഡികളെക്കുറിച്ചുള്ള പഠനം .

ആർക്കിയോളജി:പുരാവസ്തു പഠനം.

ആന്ത്രോപോളജി:മനുഷ്യന്റെ ഉത്ഭവം.

എക്സ്ബയോളജി:ഭൂമിക്ക് വെളിയിൽ ജീവനുണ്ടോ എന്നും മറ്റുമുള്ള പഠനം.

ജെനറ്റിക്സ്:പാരമ്പര്യത്തെപ്പറ്റി പഠിക്കുന്നു.

നെഫ്റോളജി :വൃക്കയുടെയും അനുബന്ധഅവയവങ്ങളുടെയും പ്രവർത്തനത്തെകുറിച്ചുള്ള പഠനം

പാത്തോളജി:രോഗത്തിനിടയാക്കുന്നതും രോഗമുണ്ടായ ശേഷമുള്ള ശാരീരിക മാറ്റങ്ങളെ കുറിച്ചുള്ള പഠനം.

ഫിസിയോളജി:ശാരീരിക പ്രവർത്തനങ്ങളെക്കുറിച്ചു പഠിക്കുന്നു.

ബാക്ടീരിയോളജി:ബാക്ടീരികളെ കുറിച്ചുള്ള പഠനം.


**അഭിരാമി. 9 D**



# പോസ്റ്റർ


SMOKING
IS
INJURIOUS
TO
HEALTH
NO SMOKING


PROTECT OZONE LAYER
SAVE LIFE ON EARTH


DON'T
LET YOUR
LIFE
GO UP IN
SMOKE



കവിത

# അമ്മ



അമ്മയെന്നുള്ളൊരു

വാക്കു ഞാൻ കേൾക്കുമ്പോൾ

നിറയുമെൻ മിഴികളിൽ

കുളിരുള്ള  കണ്ണുനീർ

പത്തുമാസം ഉദരത്തിൽ ചുമന്ന്

പെറ്റവളെന്നെ കുളിരുള്ള പുലരിയിൽ

കൈവളരുന്നോ കാൽവളരുന്നോ?

നോക്കി നോക്കി ആനന്ദിച്ച

ആ നല്ല നാളുകൾ

ഓർക്കുന്നു ഞാനെന്റെ അക്ഷരമാല

കൈപിടിച്ചെഴുതിച്ച ആ നല്ല നാളുകൾ

തേജ്വസിയായ അമ്മതൻ

മുഖത്തൊന്നു നോക്കിയാലറിയുന്നു

നോവുതൻ തേങ്ങലുകൾ

കാലിടറിഞാൻ  വീണാലുടനെയെൻ

അമ്മതൻ കരങ്ങൾ ഓടിയെത്തും.

വാരിപുണർന്നൊരാ മൃദുവായ
ചുംബനത്തിൻ തലോടലിൻ
അറിയുന്നു ഞാനാ-
തായതൻ പ്രതീക്ഷയും.
അമ്മതൻ കൈകളാൽ
കുഴച്ചുതരുന്നൊരാ
ഒരു പിടിച്ചോറിനു രുചിയേറെ
എങ്കിലും ഞാനറിയുന്നു
മാതൃത്വം ദൈവീകരൂപമെന്ന്

ഗൗരി.എ.എസ്. 8B



ഉപന്യാസം

# മാതൃഭാഷയിൽ നിന്നകലുന്ന മലയാളികൾ


ഒരു കുഞ്ഞ് ജനിക്കുമ്പോൾ അവന് ഈശ്വരൻ നൽകുന്ന വരദാനമാണ് അവന്റെ മാതൃഭാഷ. അത് പെറ്റമ്മയെപ്പോലെ ശ്രേഷ്ഠമാണ്. അമ്മിഞ്ഞപ്പാലു പോലെ മധുരവും. എന്നാൽ ഇന്ന് ചിലർ അതിൽ നിന്ന് വിട്ടുമാറുന്നു. ആധുനിക സമൂഹം മണ്ണിനും പ്രകൃതിക്കും മാതൃഭാഷയ്ക്കും വിലനൽകുന്നില്ല. മലയാളത്തിലെ  വാക്കുകൾക്കുപകരം ഇംഗ്ലീഷ് വാക്കുകൾ ഉപയോഗിക്കാൻ നമ്മുക്ക് അനായാസം സാധിക്കുന്നു. ആധുനിക കാലഘട്ടത്തിൽ എല്ലാവരും  ഒരു പരിധിവരെ ഇംഗ്ലീഷ്  ഭാഷയുടെ സ്വാധീനത്തിലാണ്. മുതിർന്നവരേക്കാൾ കുട്ടികൾ ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനത്തിൽ അകപ്പെട്ടിരിക്കുന്നു.മാതൃഭാഷ പഠിക്കാൻ തന്നെ അവർക്ക് ഇഷ്ടമല്ലാതായിരിക്കുന്നു. ഞങ്ങൾക്ക് മലയാളം അറിയില്ല എന്ന് വളരെ അഭിമാനത്തോടെയാണ് അവർ പറയുന്നത്. മാതൃഭാഷയെ മറക്കുന്നത് ഒരിക്കലും ഒരു  നല്ല സംസ്കാരമല്ല.അതിൽ രക്ഷിതാക്കളും പങ്കാളികളാണ്. മാതൃഭാഷയെ പഠിക്കുന്നവരും പറയുന്നതും നികൃഷ്ടമായാണ് അവർ കാണുന്നത്.അത് അവർ കുട്ടികളെ പറഞ്ഞ് ധരിപ്പിക്കുകയും ചെയ്യുന്നു.ഇംഗ്ലീഷുകാർപോലും നമ്മുടെ ഭാഷയിലും സംസ്കാരത്തിലും ആകൃഷ്ടരായി വരുന്ന ഈ കാലത്ത് നമ്മൾ മാതൃഭാഷയെ മറന്ന് അങ്ങോട്ട് പോകുന്നത്.ഇത് ആശ്വാസ്യമല്ല.എല്ലാ ഭാഷകളും നമുക്ക് വേണം.എന്നാൽ കൂടുതൽ പ്രാധാന്യം മാതൃഭാഷയ്ക്ക് നൽകണം.  **''ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപിഗരീയസി ''**  എന്ന വചനം നമ്മുക്ക് സ്മരിക്കാം.

നിഹാര. 9B

# ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ




















**അനുഭവക്കുറിപ്പ്**

# എന്റെ പ്രളയ കാല സ്മരണങ്ങൾ

2018 അഗസ്റ്റ് 15-ാം തിയ്യതിയാണ് മഴ തുടങ്ങിയത്.ദിവസം തോറും മഴ കൂടിവരുകയായിരുന്നു.ഉമ്മറത്തെ തിണ്ണമ്മേൽ വെള്ളം ഉയർന്നുയർന്ന് വന്നു.ജനങ്ങളിൽ ഭീതി പരന്നു.ഓരോരുത്തരായി അഭയ കേന്ദ്രങ്ങളിലേക്ക് മാറിതുടങ്ങി.ലോകമെങ്ങും പേടിച്ചിരുന്നു.ആ കൊച്ചു ദുരന്തം നമ്മുടെ കൊച്ചു കേരളത്തെയും തേടി വന്നു.ജനങ്ങൾ ഒറ്റകെട്ടായി കൈതാങ്ങായി നിന്നു.പല സമ്പാത്യങ്ങളും പ്രളയത്തിൽ ഒഴുകിപോയി.കേരളം ഇതുവരെ നേരിടാത്ത ദുരന്തം.ടി.വി കളിൽ വാർത്തകൾ ചീറിപാഞ്ഞു വന്നു തുടങ്ങി.പലയിടത്തും ഉരുൾപൊട്ടൽ പല ജീവനും ഒടുങ്ങിയെന്ന വാർത്ത.ഒരു നിമിഷം എല്ലാം നഷ്ടപ്പെട്ടുമോ എന്ന തോന്നൽ.മരണത്തിലേക്കാണോ യാത്ര എന്നാരോ ചെവിയിൽ വന്ന് മൂളുന്നതുപ്പോലെ..




ജീവനായി അഭയകേന്ദ്രങ്ങളിൽ എത്തിച്ചേർന്നു. ജനങ്ങൾ മൊത്തം ഒറ്റകെട്ടായി നിന്നു.ദുരിതമനുഭവിക്കുന്നവർക്ക് ഒരു കൈസഹായമായി ഒരു കൈത്താങ്ങായി. ചിലരൊക്കെ ജീവനായി തേങ്ങി. ഒരു നേരത്തെ ഭക്ഷണത്തിനായി ഹെലികോപ്റ്ററുകളിൽ കയറി ജീവൻ രക്ഷിച്ച പലരുമുണ്ട് നാമോരോരുത്തരുടേയും കൂട്ടത്തിൽ.

ഒരാൾക്കും ഒരു കുറവും ഇല്ലാതെ ഉള്ളതു വെച്ച് മെച്ചമായ ഭക്ഷണം നൽക്കി അഭയ കേന്ദ്രങ്ങളിലെ ദൈവതുല്ല്യരായ  മനുഷ്യർ .ജീവിതം ഇനി എങ്ങോട്ട് എന്ന ചോദ്യവുമായി അഭയ കേന്ദങ്ങളിൽ കയറി വന്ന ചിലർ.എല്ലാവർക്കും ഒരു കൈതാങ്ങായി.നാം ഓരോരുത്തരും ഒരു പക്ഷെ പറഞ്ഞാൽ പുതിയ ജീവിതത്തിലേക്കാണ് കയറിവന്നത് ഒരേ കിടക്കയിൽ കിടന്ന് ഉറങ്ങി ഒരേ പാത്രത്തിൽ ഭക്ഷണം കഴിച്ച് ജാതിയെന്നോ മതമെന്നോ ഇല്ലാതെ ഒരുമിച്ച നിന്ന ചില

നിമിഷങ്ങൾ. കെട്ടിപോക്കിയ സൗദങ്ങളും, സമ്പാദ്യങ്ങളും മറ്റുള്ളവരിൽ നിന്നുള്ള വെറുപ്പും എല്ലാം പ്രളയത്തിൽ ഒലിച്ചിറങ്ങി.

ഒരു നിമിഷം എല്ലാം മറന്നു ചെയ്തുകൂട്ടിയ പാപങ്ങളും ഭാവിയെ ഓർക്കാതെ സന്തോഷത്തിനും സുഖത്തിനും വേണ്ടി മരങ്ങൾ വെട്ടി നശിപ്പിച്ചും, കുന്നുകൾ ഇടിച്ചു നിരത്തിയും , കുളങ്ങൾ വറ്റിച്ചും, പുതിയ റിസോർട്ടുകളും,ഹോട്ടലുകളും നിർമിച്ചും പ്രകൃതിയെ നാം വല്ലാതെ വേദനിച്ചപ്പോൾഅറിഞ്ഞിരുന്നില്ല ഒരിക്കലെങ്കിലും അവനവന് നാശമായി ഇതെല്ലാം തിരിച്ച് കിട്ടും എന്ന സത്യം.

ജീവിതത്തിന്റെ പാഠങ്ങൾ പഠിപ്പിക്കാൻ വേണ്ടി ആ വലിയ ദുരന്തം നമ്മെ തേടിവന്നു.പല തിരിച്ചറിവുകളും നമ്മുക്ക് കിട്ടി.ഓരോ തെറ്റുകൾ ചെയ്യുമ്പോഴും ഓർക്കാനൊരു ഓർമ്മയായി പ്രളയ ഓർമ്മകൾ.

ഇനി തിരിച്ചറിവിന്റെ കാലം.ഒന്നിച്ചു മുന്നേറാം നാം ഓരോരുത്തർക്കും.കേരളത്തിന്റെ പുനരുദ്ധാരണത്തിന് ഒന്നായി കൈകോർക്കാം.

**ദേവികൃഷ്ണ. 9 D**



# Nature



We feel the beauty of Nature
And that is the freshness' signature
Any sickness would be relieved
The Nature; that is what I believed
That place is covered with trees
Sometimes, the climate freeze
There are many blooming flowers
Feels more fresh when we get showers
That fragrance; I need to breathe out
I can hear the echo, when I shout
The Beautiful landscape in the Earth
That Nature is better worth...

Hana Mohammed. M
VIII- A

കഥ

# അറിവിന്റെ ലോകം



അഞ്ചാം ക്ലാസ്സിലാണ് ഈ വിദ്യാലയത്തിൽ എത്തുന്നത് . ആദ്യമൊക്കെ വളരെ പേടിയും സങ്കടവുമായിരുന്നു ,തനിക്ക് ആരുമില്ലല്ലോ എന്നോർത്തതു കൊണ്ടായിരിക്കാം. പിന്നീട് എല്ലാവരുമായി സൗഹൃദത്തിൽ ഏർപ്പെട്ടു.പഠനത്തിൽ മികവ് പുലർത്താൻ ശ്രമിച്ചു .അതിനേക്കാളെല്ലാം എന്നെ ഏറെ ആകർഷിച്ചത് അധ്യാപികമാരായിരുന്നു. അവരുടെ പെരുമാറ്റവും സ്നേഹവും എല്ലാം എന്നെ പഠനത്തിലേക്ക് ഏറെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു. മറ്റെന്തിനേക്കാളും അധ്യാപകരുടെ അനുഗ്രഹം മാത്രമായിരുന്നു എന്റെ പ്രധാന ലക്ഷ്യം.അവരുടെ സ്നേഹവാത്സല്യത്തിനായ് ഏറെ പരിശ്രമിച്ചു. കാലങ്ങൾ കടന്നു പോയി കൊണ്ടിരുന്നു. പത്താം ക്ലാസിലേക്ക് പ്രവേശിച്ചു. ഉത്സാഹത്തോട പഠനത്തിൽ മുഴുകി.മഹത് വ്യക്തികളുടെ വചനങ്ങൾ എന്റെ മനസ്സിനെ തൊട്ടുണർത്തി .അതിൽ മലാല യൂസഫ് സായ് എനിക്ക് ഏറെപ്രിയങ്കരിയായിരുന്നു. "ഒരു പേന ഒരു പുസ്തകം ഒരധ്യാപിക ഇത് ലോകത്തെ തന്നെ മാറ്റിമറിക്കും"

അത് കൊണ്ട് തന്നെ ആരോടും അധികം സഹൃദം പുലർത്താതെ തന്നെ എനിക്ക് ഇന്ന് ഈ നിലയിൻ എത്താൻ സാധിച്ചു.ഇന്ന് ഞാൻ രാഷ്ട്രപതിയാണ്. അതു കൊണ്ട് ഈ സദസ്സിൽ വെച്ച് എന്റെ കുട്ടികളോട് പറയാനുള്ളത് അധ്യാപക വിദ്യാർത്ഥി ബന്ധം സുദൃഢമാക്കുകയാണ് വേണ്ടത് . അപ്പോൾ വിജയം താനേ വന്ന് ചേരും

ജയ് ഹിന്ദ്.

മോളേ  നേരം 5 മണി കഴിഞ്ഞു  വേഗം എണീക്ക് എന്ന ഉമ്മയുടെ വിളിക്കേട്ട് ഞെട്ടിയുണർന്നപ്പോളാണ് ഞാൻ കണ്ടത് ഒരു സ്വപ്നമായിരുന്നു എന്ന് മനസ്സിലായത്.പുലർച്ചെ കാണുന്ന സ്വപ്നങ്ങൾ ഫലിക്കുമെന്ന് കേട്ടിട്ടുണ്ട്. എന്തായാലും നല്ലതു വരട്ടെ......

ഫസ്ന R A   8 A



# പകർച്ചവ്യാധി ഭീതിയകറ്റി വിദ്യാർഥികൾക്ക് മാതൃഭൂമി മെഡിക്കൽ ക്യാമ്പ്

**ചാവക്കാട്►** പ്രളയത്തെത്തുടർന്ന് ഉടലെടുത്ത പകർച്ചവ്യാധി ഭീതിയെ തുരത്താൻ മാതൃഭൂമിയും തൃശ്ശൂർ അശ്വിനി ആശുപത്രിയും ചേർന്ന് വെള്ളിയാഴ്ച ചാവക്കാട് എം.ആർ. രാമൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിൽ സ്കൂളിലെ അഞ്ഞൂറിൽപ്പരം വിദ്യാർഥികൾ പങ്കെടുത്തു.

ഡോക്ടർമാർ കുട്ടികളെ പരിശോധിക്കുകയും ആവശ്യമായ മരുന്നുകൾ സൗജന്യമായി വിതരണംചെയ്യുകയും ചെയ്തു. ക്യാമ്പിൽ പങ്കെടുത്ത പല കുട്ടികളും പ്രളയത്തെത്തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും കഴിയേണ്ടി വന്നവരാണ്. ഡോക്ടർമാരായ ദർശന, ശശിധർ, ടിൻേറാ ടോണി എന്നിവർ വിദ്യാർഥികളെ പരിശോധിച്ച് മരുന്നുകൾ നൽകി. രാവിലെ 11-ന് ആരംഭിച്ച ക്യാമ്പ് വൈകീട്ട് 4.30 വരെ തുടർന്നു.

സ്കൂൾ മാനേജർ എം.യു. ഉണ്ണികൃഷ്ണൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡൻറ് ആർ.വി.എം. ബഷീർ മൗലവി അധ്യക്ഷനായി. സ്കൂൾ ഹെഡ്മിസ്ട്രസ് കെ.എസ്. സരിതകുമാരി, പേഴ്സി സി. ജേക്കബ്, കെ.എ. വത്സാ ബേബി, വിനിത ബിനേഷ്, ആർ.കെ. നൗഷാദ്, എൻ.വി. മധു, കെ.സന്തോഷ് കുമാർ, രാജേഷ് അഞ്ചത്ത്, സുബിൻ ജോസഫ്, പി.ബി. സെഫിൻ, സുബിൻ കെ. സുബാഷ് എന്നിവർ ക്യാമ്പിന് നേതൃത്വംനൽകി.

► മാതൃഭൂമിയും തൃശ്ശൂർ അശ്വിനി ആശുപത്രിയും ചേർന്ന് ചാവക്കാട് എം.ആർ. രാമൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ്







# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ


















# നന്ദി

**ഞങ്ങൾ തയ്യാറാക്കിയ ഇ- മാഗസിൻ എന്ന നൂതന സംരംഭത്തിന്  മാർഗ്ഗ നിർദേശങ്ങൾ നൽകി സഹകരിച്ച എല്ലാ അധ്യാപകർക്കും  പിന്തുണ നൽകിയ കൂട്ടുകാർക്കും അകമഴിഞ്ഞ നന്ദി ..................**




HIGHER SECONDARY BLOCK